# റ്റച്ചിംഗ് കേരള സ്റ്റൈൽ

വർഗീസ് ഏബ്രഹാം ഡെൻവർ

റ്റച്ചിംഗ് എന്നു കേട്ടാലുടൻ ഒരു സദാ മലയാളി ചിന്തിക്കുന്നതു നമ്മുടെ നാട്ടിൽ, അങ്ങു കേരളക്കരയിൽ ചില അച്ചായൻമാർ 'സ്മോളോ' 'ലാർജോ' അടിക്കുമ്പോൾ അതിനൊരു കൂട്ടായിട്ടു വലതു കയ്യുടെ നടുവിരൽ ഏതോ എരിവുള്ള ഉപദംശത്തിൽ തൊട്ടു വായ് വിസ്താരത്തിൽ തുറന്നു നാക്കിന്റെ മദ്ധ്യഭാഗത്തു തൊട്ടു തൊട്ടില്ല എന്ന മട്ടിൽ വളരെ ഗോപ്യമായ് ഒന്നു റ്റച്ചു ചെയ്യുന്ന ഒന്നാണല്ലൊ? അതു കഴിഞ്ഞു മൂന്നാലു പ്രാവശ്യം മരണവെപ്രാളത്തിൽ വായ തുറക്കുക യും, അടയ്ക്കുകയും, നീട്ടി ആകാശത്തേക്കു ഊതുകയും ചെയ്യുന്ന ഒരു പ്രക്രിയ. വാസ്തവത്തിൽ ഇതു കണ്ടു നിൽക്കുന്നവർക്കു വലിയ മാനസിക സമ്മർദ്ദമാണു ഈ അച്ചായൻമാര് ശൃഷ്ടിക്കാറ്.

ഇത്രയും പറഞ്ഞപ്പോൾ ഒരു കാര്യം തുറന്നുപറയേണ്ടതായി വരുന്നു. ഈയുള്ളവൻ ഒരു വെജിറ്റേറിയനാണ്. വെജിറ്റേറിയൻ എന്നു പറയുമ്പോൾ സ്മോളും, ലാർജും കയ്യ് കൊണ്ടു പോലും തൊടാത്തവൻ. കുറഞ്ഞപക്ഷം ദുരുദ്ദേശത്തോടു കൂടെ ഒന്നു നോക്കുക പോലും ചെയ്യാ ത്തവൻ ! അപ്പോൾ റ്റച്ചിംഗിനേപറ്റി ആധികാരികമായി പറയാനുള്ള അവകാശം നേടിയെടുത്തിട്ടില്ല, എന്നു ബോധപൂർവ്വം സമ്മതിക്കുന്നു. റ്റച്ചിംഗിനേപറ്റി കുറ്റമായോ, കുറച്ചു പറയുവാനോ അല്ല ഈയുള്ളവന്റെ ശ്രമം. അങ്ങനെ കുറച്ചു പറഞ്ഞാൽ എന്റെ സ്നേഹിതന്മാരായ അച്ചായൻമാരുടെ ശത്രുവായി മാറും ഈ പാവം ഞാൻ. കൂടാതെ ഇതിഷ്ടപ്പെടാത്ത ഏതെങ്കിലും ഒരച്ചായൻ ഒന്നു വീശിയിട്ടു തന്റെ കയ്യെടുത്തു എന്റെ നേരെയും ഒന്നു വീശിയാൽ. . . ? അതിനെയും ഒരു വക റ്റച്ചിംഗ് എന്നു പറയാമല്ലൊ ? അതായത് ഇമ്മിണി വല്യറ്റച്ചിംഗ് !

റ്റച്ചിംഗിന്റെ അർത്ഥമെന്താണന്നറിയാൻ എന്റെ ഇരുപതു കിലോ തൂക്കമുള്ള മെറിയം വെബ്സ്റ്റർ ഡിക്ഷനറിയിൽ നോക്കിയപ്പോൾ കിട്ടിയതു, ഇതിനു പലവിധ അർത്ഥങ്ങളുണ്ടന്നാണ്; എന്നാൽ നാട്ടിലെ റ്റച്ചിംഗിനേപറ്റി ഒന്നും പറയുന്നതില്ലതാനും. കേരളത്തിലാണങ്കിൽ ഇപ്പോൾ റ്റച്ചിം ഗിന്റെ പെരുമഴക്കാലമാണ്.

റ്റച്ചിംഗ് ഇന്നു പലവിധം. നമ്മുടെ ഡോക്ടർമാർ രോഗിയെ മൃദുവായി റ്റച്ചു ചെയ്തു കുഴപ്പം വല്ലോം ഉണ്ടോ എന്നു നോക്കുന്നത്, ചൂടു പാത്രങ്ങളോ, ആഹാരമോ ചൂടുണ്ടോ അതോ തണുത്ത താണോ എന്നറിയാൻ റ്റച്ചു ചെയ്തു നോക്കുന്നത്, ഉറങ്ങിയ ആളിനെ ഒന്നുണർത്താൻ ചെറുതായി ഒന്നു റ്റച്ചു ചെയ്യുന്നത്, അബദ്ധവശാൽ ആരുടെയെങ്കിലും ദേഹത്തു കാലു മുട്ടിയാൽ നമ്മൾ അവരെ ചെറുതായി ഒന്നു റ്റച്ചു ചെയ്തിട്ടു സോറി പറയുന്നത്, ഇതെല്ലാം അനുവദനീയമായ റ്റച്ചിം ഗാണ്. എന്തിനേറെ പറയുന്നു പണ്ട് ആൽഡ്രിനും, ആംസ്ട്രോങ്ങും അവരുടെ നാൽക്കാലി പേട കവും നമ്മുടെ അമ്പിളി അമ്മാവന്റെ നിറുകയിൽ സോഫ്റ്റു ലാൻഡിംഗ് നടത്തിയതും, വലിയ ജംബോ ജറ്റുഎയർപോർട്ടിൽ റ്റച്ച്ഡൌൺ ചെയ്യുന്നതുമെല്ലാം ഓരോ തരം റ്റച്ചിംഗ് ആണല്ലൊ ?

എന്നാൽ ഇപ്പോൾ ഇവിടെ പറയുന്ന റ്റച്ചിംഗ് ഒരു അരുതാത്ത സാഹചര്യത്തിൽ, അരു താത്ത രീതിയിൽ, അരുതാത്ത ഒരാൾ, അരുതാത്ത ഒരാളുടെ മേൽ നടത്തിയതാണ്. കാര്യം നിസാര മെങ്കിലും, പ്രശ്നം ഗുരുതരമാണ്. കാരണം റ്റച്ചു ചെയ്ത ആൾ സാൽമാൻഖാനോ, അമീർഖാനോ അല്ല, പ്രത്യുത ശഷ്ടിപൂർത്തികഴിഞ്ഞ ഒരു പ്രവാസി.

പണ്ടു നാടൻ ബസിൽ ഏറ്റവും മുമ്പിൽ മാത്രംനിന്നു പരിചയിച്ച ഒരു പ്രവാസി പഴയ ഓർമ്മകൾ പുതുക്കാൻ അവധിക്കു നാട്ടിൽ പോയപ്പോൾ ബസിന്റെ മുമ്പിൽ നിന്ന ഒരു മഹിളയെ അറിയാതെയോ, അറിഞ്ഞോ ഒന്നു റ്റച്ചു ചെയ്തുപോലും . . .! അതിലെന്താ ഇത്ര വലിയ കാര്യ മെന്നു ചോദിച്ചേക്കാം. ബസിൽ ധാരാളം യാത്രക്കാർ ചാളമീൻ അടുക്കി വെച്ചതുപോലെ കുത്തിനി റച്ചു നിത്യേന യാത്ര ചെയ്യുമ്പോൾ ചിലപ്പോൾ എന്നല്ല ധാരാളം പ്രാവശ്യം റ്റച്ചു ചെയ്തെന്നു വരും. പണ്ടുകാലത്തെ റ്റച്ചിംഗ് നിരുപദ്രവകരമായ, ക്ഷമിച്ചു കളയാവുന്ന ഒരു റ്റച്ചിംഗ് ആയിരുന്നു. റ്റച്ചു ചെയ്യുന്നതു നമ്മളും, അവരും അറിയുന്നില്ല. ഈയുള്ളവനും ഒരു റിചൽ പോലെ ചന്തളം ബസിൽ കയറി കോളേജിലേക്കു അഞ്ചുവർഷം യാത്ര ചെയ്തവനാണ്. പക്ഷെ അന്നത്തെ റ്റച്ചിംഗിനു ദുരുദ്ദേ ശത്തിന്റെ യാതൊരു ചുവയും ഇല്ലായിരുന്നു. കൂടാതെ ഈയുള്ളവൻ ഒരു അദ്ധ്യാപകൻ സ്ലാഷ് പ്രീച്ചറുടെയും മകനുമാണല്ലോ ?

ഇന്ന് എന്തുമാത്രം റ്റച്ചിംഗ് നടക്കുന്നു. അതിനിത്രമാത്രം എഴുതാനെന്തിരിക്കുന്നു. ? ചോദ്യം വളരെ പ്രസക്തമായത്. കേരള രാഷ്ട്രീയത്തിലെ മെനുവിൽ റ്റച്ചിംഗ് ഒരു വലിയ ഐറ്റം ആണത്രെ. പണ്ടൊരിക്കൽ വിമാനത്തിൽ യാത്ര ചെയ്യുമ്പോൾ മുമ്പിലിരിക്കുന്ന ഒരു സ്ത്രീയേ കൈനീട്ടി ഒരു വൃദ്ധൻ റ്റച്ചു ചെയ്തിട്ടും ഒന്നും സംഭവിച്ചില്ലല്ലേ ? ചാനലായ ചാനലുകളും, കേരള ജനതയും ഒരു വിനോദമായി ഒന്നിച്ചാഘോഷിച്ച ഒരു വലിയ റ്റച്ചിംഗ് ! അതൊരു ഫേമസ് റ്റച്ചിംഗായിരുന്നു. സദാ ചാര പോലീസിന്റെ ഉറക്കം കെടുത്തിയ ഒരു തരം വിവാദ റ്റച്ചിംഗായിരുന്നു കഴിഞ്ഞ നാളുകളിൽ കേരളത്തിലും ഇന്ത്യയുടെ മറ്റു ചില ഭാഗങ്ങളിലും അരങ്ങേറിയത്.

ചന്തയിൽ നിന്നും ചാളമീൻ ചേളാകിൽ വാങ്ങി, തിക്കിതിങ്ങിയ ബസിന്റെ ഏറ്റവും പുറകി ലത്തെ സീറ്റിൽ നിന്നും ആളിറങ്ങാനുണ്ടേ എന്നു നീട്ടി വിളിച്ചു കൊണ്ടു യാത്രക്കാരുടെയെല്ലാം ദേഹത്തു കൂടെ റ്റച്ചു ചെയ്തു കൊണ്ടു വരുന്നതും ഒരു തരം റ്റച്ചിംഗ് ആണ്. അന്നതു സഹിക്കാനുള്ള ത്രാണിയുണ്ടായിരുന്നു.

സെൽഫോൺ, ഇന്റർനെറ്റ്, ന്യൂജെൻ സിനിമ–സീരിയൽ കൂടെയും വരുന്ന മാലിന്യങ്ങൾ ആസ്വദിച്ചും പിന്നെ മീനച്ചിലാറിലെയും, പെരിയാറിലെയും മലീമസമായ വെള്ളവും കുടിച്ചു, തമി ഴന്റെ വിഷം ചേർത്ത പച്ചക്കറികളും, കായ്കനികളും ഭക്ഷിച്ചും നല്ലൊരു ശതമാനത്തിന്റെയും രക്ത ത്തിൽ രാസപരിണാമങ്ങൾ സംഭവിച്ചു. അങ്ങനെ അവരുടെ തലച്ചോറിലെ ന്യൂറോട്രൻസ്മിറ്റേ ഴ്സിന്റെ അനുപാതം തകിടം മറിഞ്ഞു. അർമ്മാദ രോഗികളുടെ സംഖ്യനിയന്ത്രണാധീതമായി. പീഡനം എന്നതു ഒരു നിത്യസംഭവമായി തീർന്നു. അതോടുകൂടി സ്ത്രീ ജനങ്ങളുടെ സംരക്ഷ ണാർത്ഥം പുതിയ ‘ നിയമങ്ങളും ’ വന്നു.

ഈയൊരു സാഹചര്യത്തിലാണു നമ്മുടെ പ്രവാസി അച്ചായന്റെ റ്റച്ചിംഗ്. അതു മഹിളയ്ക്കി ഷ്ടപ്പെട്ടില്ലെന്നു പറയേണമൊ; അവർ പഞ്ചാംഗുലികൾ നിവർത്തി അച്ചായന്റെ കവിളത്തു ഒന്നു ‘ റ്റച്ചു ’ ചെയ്തു. രണ്ടു ടൺകേവു ഭാരമുള്ള ഒരു റ്റച്ചിംഗ്. ഒരിക്കലും കിട്ടിയിട്ടില്ലാത്ത ഒരു തരം റ്റച്ചിം ഗ്. ഒരിക്കലും മറക്കാൻ മേലാത്ത ഒരു റ്റച്ചിംഗ്.

സിനിമയിൽ കാണുന്ന പോലെ നിമിഷത്തിനകം പോലീസ് ജീപ്പിൽ നിന്നും ഏമാനും, കൂട്ടരും ചാടിയിറങ്ങി. സ്റ്റേഷനിൽ ചെന്നപ്പോൾ അവരുടെ വക റ്റച്ചിംഗും, തുടർന്നു സ്പെഷ്യൽ ഉഴിച്ചിലും, പിഴിച്ചിലും വേറെ. കാർത്തികപ്പള്ളിയിലെ തിരുമ്മുശാലയിൽ നിന്നും ഇറങ്ങിയപ്പോൾ നേരം നന്നേ വൈകി. അപ്പോഴേക്കും എയർ ഇന്ത്യയുടെ ‘ലാസ്റ്റു വണ്ടിയും’ പോയിരുന്നു.